# ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്

വികാസ് ഭവൻ, തിരുവനന്തപുരം

ടെലിഫോൺ-0471-2300523,24,2302090
ഇ-മെയിൽ-director.mwd@gmail.com
വെബ് സൈറ്റ്-www.minoritywelfare.kerala.gov.in


'ഭരണ ഭാഷ-മാതൃഭാഷ'

നം. എം.ഡബ്ല്യു.ഡി/1040/2023/എസ് തീയതി. **04.01.2024**

## വിജ്ഞാപനം

## ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദേശ യൂണിവേഴ്സിറ്റികളിൽ ഉപരിപഠനം നടത്തുന്നതിന് അനുവദിക്കുന്ന വിദേശ പഠന സ്കോളർഷിപ്പ് 2023-24 അപേക്ഷ ക്ഷണിക്കുന്നു.

സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് 2023-24 അദ്ധ്യയന വർഷത്തിൽ വിദേശ സർവ്വകലാശാലകളിൽ ബിരുദം/ബിരുദാനന്തര ബിരുദം(Degree only)/പിഎച്ച്ഡി കോഴ്സുകൾക്ക് ഉന്നത പഠനം നടത്തുന്നതിന് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷകൾ ക്ഷണിക്കുന്നു. വിദേശ ഉപരി പഠനത്തിനായി വിദ്യാർത്ഥികൾ ഇന്ത്യയിലെ ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നോ അല്ലെങ്കിൽ കേരള സംസ്ഥാന ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ എന്ന ധനകാര്യ സ്ഥാപനത്തിൽ നിന്നോ വിദ്യാഭ്യാസ വായ്പ നേടിയിട്ടുള്ളവർക്ക് ലോൺ സബ്സിഡിയാണ് സ്കോളർഷിപ്പായി അനുവദിക്കുന്നത്. സംസ്ഥാനത്തിലെ സ്ഥിര താമസക്കാരായ കേന്ദ്ര സർക്കാർ മത ന്യൂനപക്ഷങ്ങളായി അംഗീകരിച്ച മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കാണ് ഈ സ്കോളർഷിപ്പിന് അർഹത. തെരഞ്ഞെടുക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥിയ്ക്ക് കോഴ്സ് കാലാവധിക്കുള്ളിൽ പരമാവധി **5,00,000/- രൂപയാണ് സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നത്.** ഒറ്റ തവണ ലഭിക്കുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. **ഡിപ്ലോമ/പോസ്റ്റ് ഡിപ്ലോമ** കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല. വിദേശ ഉപരി പഠനത്തിനായി മറ്റേതെങ്കിലും സർക്കാർ ധനസഹായമോ, സ്കോളർഷിപ്പുകളോ ഇതിനകം ലഭിച്ചിട്ടുള്ളവർക്കും ഈ സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല. അപേക്ഷാ ഫാറത്തിന്റെ മാതൃകയും, യോഗ്യതാ മാനദണ്ഡങ്ങളും ഉൾപ്പെടുന്ന വിശദമായ വിജ്ഞാപനം വകുപ്പിന്റെ www.minoritywelfare.kerala.gov.in വെബ് സൈറ്റിൽ ലഭ്യമാണ്.

Mail: scholarship.dmw@gmail.com

**അപേക്ഷിക്കേണ്ട രീതി:**

*www.minoritywelfare.kerala.gov.in* എന്ന വെബ് സൈറ്റിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫോം പൂരിപ്പിച്ച് താഴെ പറയുന്ന രേഖകൾ സഹിതം ഡയറക്ടർ, ന്യൂനപക്ഷക്ഷേമവകുപ്പ്, നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 33 എന്ന വിലാസത്തിൽ നേരിട്ട് ലഭ്യമാക്കേണ്ടതാണ്.

## I. അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ

1. പൂർണ്ണമായ അപേക്ഷ ഫോട്ടോ സഹിതം സമർപ്പിക്കുക.
2. എസ്.എസ്.എൽ.സി., പ്ലസ് ടു, വി.എച്ച്.എസ്.ഇ, ബിരുദം/ബിരുദാനന്തര ബിരുദം തുടങ്ങിയവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.
3. വിദേശത്ത് സർവ്വകലാശാലകളിൽ പഠിക്കുന്നത്/പ്രവേശനം ലഭിച്ചത് തെളിയിക്കുന്ന രേഖകൾ

   (അഡ്മിഷൻ കാർഡ്, കോഴ്സ് ഫീസ് ഒടുക്കിയതിന്റെ രസീത്, ഐ.ഡി.കാർഡ് എന്നീ രേഖകൾ)
4. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്

   **(പേര്, അക്കൗണ്ട് നമ്പർ, IFSC കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾക്കൊള്ളണം).**
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ആധാർ കാർഡിന്റെ കോപ്പി
7. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്/മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
8. വരുമാന സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽ നിന്ന്
9. വയസ്സ് തെളിയിക്കുന്ന രേഖ (SSLC/ ജനന സർട്ടിഫിക്കറ്റ്)
10. റേഷൻ കാർഡിന്റെ പകർപ്പ്
11. പാസ് പോർട്ടിന്റെ പകർപ്പ്
12. വിദേശ വിസയുടെ പകർപ്പ്
13. വിദേശ പഠനത്തിനായി ലോൺ എടുത്തിയിട്ടുള്ള വിദ്യാർത്ഥിയുടെ വിദ്യാഭ്യാസ ലോൺ സബ്സിഡി തുക വ്യക്തമാക്കുന്ന ബാങ്ക് മാനേജരുടെ സർട്ടിഫിക്കറ്റ്
14. നിലവിൽ കോഴ്സ് പ്രവേശനം നേടി ഒരു വർഷം പൂർത്തിയാക്കിയ അപേക്ഷകർ സ്ഥാപനമേധാവിയിൽ നിന്നോ വകുപ്പ് മേധാവിയിൽ നിന്നോ പഠന പുരോഗതി സംബന്ധിച്ച സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.
15. മറ്റ് അനുബന്ധ രേഖകൾ

## II. അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

1. അപേക്ഷകൻ/അപേക്ഷക കേരള സംസ്ഥാനത്തിലെ ഏതെങ്കിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ആളായിരിക്കണം (മുസ്ലിം, ക്രിസ്ത്യൻ, സിഖ്, ജൈന, പാഴ്സി, ബുദ്ധ).
2. വിദേശത്ത് ഉപരി പഠനത്തിനായി വിദ്യാഭ്യാസ വായ്പ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ടി സ്കോളർഷിപ്പ് അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. അപേക്ഷകർ സ്വന്തം നിലയ്ക്ക് വിദ്യാഭ്യാസ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ ലഭിക്കുകയും ചെയ്യുവരാകണം.
3. 2023-24 അദ്ധ്യയന വർഷത്തിൽ ടൈംസ് ഹയര് എഡ്യൂക്കേഷൻ ലോക റാങ്കിംഗിൽ(https://www.timeshighereducation.com/world-university-rankings/2023/world-ranking) ഉൾപ്പെടുന്ന വിദേശ യൂണിവേഴ്സിറ്റികളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പി.എച്ച്.ഡി കോഴ്സുകളിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ടി സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. **ഡിപ്ലോമ/പോസ്റ്റ് ഡിപ്ലോമക്കാരെ പരിഗണിക്കുന്നില്ല.**
4. കുറഞ്ഞ കുടുംബ വരുമാനമുള്ള, പ്രത്യേകിച്ച് ബിപിഎൽ വിഭാഗത്തിൽപ്പെട്ട ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പിന് അർഹതയുണ്ട്.
5. BPL വിഭാഗത്തിൽ നിന്ന് മതിയായ വിദ്യാർത്ഥികളില്ലെങ്കിൽ, 8 ലക്ഷം രൂപയിൽ താഴെ കുടുംബ വരുമാനമുള്ള APL വിഭാഗത്തിലെ വിദ്യാർത്ഥികളെയും സ്കോളർഷിപ്പിന് പരിഗണിക്കുന്നതാണ്.
6. 2023-24 അദ്ധ്യയന വർഷത്തിൽ പ്രവേശനം നേടിയ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് പ്രഥമ പരിഗണന നൽകുന്നതാണ്.
7. 2023-24 അദ്ധ്യയന വർഷത്തിൽ പ്രവേശനം നേടിയ ന്യൂനപക്ഷ വിദ്യാർത്ഥികളിൽ നിന്ന് മതിയായ അപേക്ഷകരില്ലെങ്കിൽ, 2022-23 അദ്ധ്യയന വർഷങ്ങളിൽ പ്രവേശനം നേടിയവരും നിലവിൽ 2023-24 അദ്ധ്യയന വർഷത്തിൽ കോഴ്സിന്റെ തുടർ പഠനം നടത്തുന്നവരുമായ അപേക്ഷകരെ പരിഗണിക്കുന്നതാണ്.
8. ഇന്ത്യയിലെ ദേശസാൽകൃത ബാങ്കുകളിൽ നിന്നോ/ഷെഡ്യൂൾ ചെയ്ത ബാങ്കുകളിൽ നിന്നോ അല്ലെങ്കിൽ കേരള സംസ്ഥാന ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ നിന്നോ എടുത്തിരിക്കുന്ന വിദ്യാഭ്യാസ വായ്പയെ അടിസ്ഥാനമാക്കി ബാങ്ക് സാക്ഷ്യപ്പെടുത്തിയ രേഖകൾ സമർപ്പിക്കുന്ന വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് തുക റീ ഇംബേഴ്സ്മെന്റായാണ് അനുവദിക്കുന്നത്.
9. ഒരു കുടുംബത്തിൽ നിന്ന് ഒരാൾക്ക് മാത്രമേ ഈ സ്കോളർഷിപ്പിന് അർഹതയുള്ളൂ. ഈ വിഷയത്തിൽ അപേക്ഷകനും രക്ഷിതാവും സംയുക്ത സത്യവാങ്മൂലം നൽകണം.

10. അപേക്ഷകനും മാതാപിതാക്കളും കേരളത്തിലെ സ്ഥിര താമസക്കാരായിരിക്കണം. NRK-കൾ (നോൺ റസിഡന്റ് കേരളൈറ്റ്) ഈ സ്കോളർഷിപ്പിന് അർഹരല്ല.
11. അപേക്ഷകന്റെ പരമാവധി പ്രായം 01/06/2023 പ്രകാരം 35 വയസ്സിന് താഴെയായിരിക്കണം.
12. വിദേശ സർവ്വകലാശാലകളുടെ ഇന്ത്യയ്ക്ക് അകത്തുള്ള ഉപ കേന്ദ്രങ്ങളിലോ അല്ലെങ്കിൽ വിദേശ സർവ്വകലാശാലകൾ ഇന്ത്യൻ സർവ്വകലാശാലകളുമായി സംയുക്തമായി രാജ്യത്തിനുള്ളിൽ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ പഠിക്കുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരല്ല.
13. സ്കോളർഷിപ്പിനായി തിരഞ്ഞെടുത്ത ശേഷം ഡിപ്പാർട്ട്മെന്റിന്റെ മുൻകൂർ അനുമതി യില്ലാതെ വിദ്യാർത്ഥികൾ തെരഞ്ഞെടുത്ത കോഴ്സോ, യൂണിവേഴ്സിറ്റിയോ, മാറുകയാണെങ്കിൽ സ്കോളർഷിപ്പിനുള്ള യോഗ്യത നഷ്ടപ്പെടും. അത്തരം സന്ദർഭങ്ങളിൽ, ഇതിനകം ലഭിച്ച സ്കോളർഷിപ്പ് തുക തിരികെ വകുപ്പിലേയ്ക്ക് അടയ്ക്കേണ്ടതാണ്.
14. സ്കോളർഷിപ്പിന് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾ, സ്കോളർഷിപ്പ് അനുവദിച്ച അധ്യയന വർഷത്തിനുള്ളിൽ പ്രസ്തുത സർവകലാശാലകളിൽ പഠനം ആരംഭിക്കണം, അല്ലാത്തപക്ഷം സ്കോളർഷിപ്പ് അനുവദിക്കുന്നത് റദ്ദാക്കപ്പെടും. ഇതുമായി ബന്ധപ്പെട്ട് പിന്നീടുള്ള അപേക്ഷകളൊന്നും പരിഗണിക്കില്ല.
15. പഠോ പർദേശ് എന്ന ഗവൺമെന്റ് ഓഫ് ഇന്ത്യ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഈ സ്കീമിന് കീഴിലുള്ള സാമ്പത്തിക സഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

**<u>സ്കോളർഷിപ്പ് അനുവദിക്കുന്നവിധം ചുവടെ ചേർക്കുന്നു.</u>**

കോഴ്സ് കാലയളവിൽ പരമാവധി സ്കോളർഷിപ്പ് തുക 5 ലക്ഷം രൂപ (അഞ്ച് ലക്ഷം) ആയിരിക്കും. ആകെ വായ്പ തുക 5 ലക്ഷത്തിൽ കുറവാണെങ്കിൽ അതായിരിക്കും സ്കോളർഷിപ്പ് തുകയായി നൽകുന്നത്.

**കേസ് 1:**

വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവിനായി 5 ലക്ഷം രൂപ വിദ്യാർത്ഥിയുടെ ലോൺ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യും. 2023-24 അധ്യയന വർഷത്തിൽ പ്രവേശനം നേടിയവർക്കാണ് സ്കോളർഷിപ്പിന് പ്രഥമ പരിഗണന.

**കേസ് 2:**

2023-24 വർഷത്തിൽ പുതിയതായി പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ മതിയായ അപേക്ഷകൾ ഇല്ലെങ്കിൽ, 2022-23 കാലയളവിൽ ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി പ്രകാരം സ്കോളർഷിപ്പ് തുക ലഭിച്ചിട്ടുള്ള അപേക്ഷകരെയും പരിഗണിക്ക

ന്നതാണ്. അത്തരത്തിലുള്ള അപേക്ഷകർക്ക് കഴിഞ്ഞ വർഷം ലഭിച്ച പലിശ സബ്സിഡി ഉൾപ്പെടെ പരമാവധി 5 ലക്ഷം രൂപ സ്കോളർഷിപ്പായി അനുവദിക്കും.

**കേസ് 3:**

മുകളിൽ പറഞ്ഞ 2 കേസുകളിൽ മതിയായ അപേക്ഷകൾ വരാതെ ഇരിക്കുകയും, ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാതെ വരുന്ന സാഹചര്യവുമാണെങ്കിൽ, വിദേശ സർവകലാശാലകളിൽ മുൻ അധ്യയന വർഷങ്ങളിൽ പ്രവേശനം നേടിയവരും, നിലവിൽ തുടർ പഠനം നടത്തുന്നവരും, വിദ്യാഭ്യാസ വായ്പയുള്ളവരുമായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. പ്രസ്തുത വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവിനായി പരമാവധി 5 ലക്ഷം രൂപ വായ്പ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യും.

16. ഇന്ത്യയിലെ ദേശസാൽകൃത ബാങ്കുകളിൽ നിന്നോ/ഷെഡ്യൂൾ ചെയ്ത ബാങ്കുകളിൽ നിന്നോ എടുത്തിട്ടുള്ള വായ്പ എടുത്ത അപേക്ഷകർക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പരിശോധനയ്ക്ക് വിധേയമായും ബാങ്കിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റ് അനുസരിച്ചും സ്കോളർഷിപ്പ് തുക അനുവദിക്കുന്നതായിരിക്കും.
17. വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പിനായി വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് സംസ്ഥാനത്തിലെ ന്യൂനപക്ഷങ്ങളുടെ ജനസംഖ്യാനുപാതികമായും, ബി.പി.എൽ വിഭാഗത്തിനെ പ്രത്യേകം പരിഗണന നൽകിയും കുടുംബ വാർഷിക വരുമാനത്തിൻറെയും മാർക്കിന്റെയും അടിസ്ഥാനത്തിലുമായിരിക്കും..
18. ബിരുദം/ബിരുദാനന്തര ബിരുദം (യോഗ്യതാ പരീക്ഷ) പൂർത്തീകരിച്ചതിന്റെ കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റിന്റെ കോപ്പി (ശതമാനം/ഗ്രേഡ് ഉൾപ്പെടെ) അപേക്ഷയോടൊപ്പം നിർബന്ധമായും ഹാജരാക്കേണ്ടതാണ്.
19. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.
20. കോഴ്സുമായി ബന്ധപ്പെട്ട് പ്രവേശനം ലഭിക്കുന്ന യൂണിവേഴ്സിറ്റിയിൽ നിന്നോ മറ്റ് സർക്കാർ/അർധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ സ്കോളർഷിപ്പോ മറ്റ് തരത്തിലുള്ള ധനസഹായമോ ലഭിക്കുകയാണെങ്കിൽ പ്രസ്തുത വിശദാംശങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
21. അർഹരായ അപേക്ഷകരുടെ എണ്ണം, സ്കോളർഷിപ്പ് ഇനത്തിൽ ലഭ്യമായ ഫണ്ടിന് ആനുപാതികമായ എണ്ണത്തിലും അധികരിക്കുന്നുവെങ്കിൽ കുറഞ്ഞ കുടുംബ വാർഷിക വരുമാനത്തിന്റേയും പഠന വിഷയത്തിന്റേയും അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് എണ്ണം വകുപ്പ് പരിമിതപ്പെടുത്തുന്നതാണ്.
22. സ്കോളർഷിപ്പ് അനുവദിക്കുന്നതിനായുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച വിഷയങ്ങളിൽ സ്കോളർഷിപ്പ് (സെലക്ഷൻ കമ്മിറ്റിയുടെ) തീരുമാനം അന്തിമമായിരിക്കും.

23. പൂരിപ്പിച്ച അപേക്ഷ, പ്രായം, വിദ്യാഭ്യാസ യോഗ്യതയും മാർക്കും, മറ്റു യോഗ്യതകള് എന്നിവ തെളിയിക്കുന്ന രേഖകളും ബാങ്ക് അക്കൗണ്ട് വിവരങ്ങളും സഹിതം 2024 ജനുവരി 15 – നകം ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം – 33 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭ്യമാകുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**
**ഡയറക്ടർക്കുവേണ്ടി**

Application Number:
(For Office Use)

**Government of Kerala**
**MINORITY WELFARE DIRECTORATE**

# SCHOLARSHIP FOR STUDENTS FROM MINORITY COMMUNITIES FOR HIGHER STUDY ABROAD 2023-24

## APPLICATION FORM

Paste a recent Passport size photograph

**All details should be clear and complete and no column should be left blank**

Full Name.......................................................................................................

Age..........................Date of Birth..........................Place of Birth ..................................

Kerala Native (NRK is not eligible for this scholarship) Yes ☐ No ☐

Religion & Caste .......................................................................................................

Marital Status .......................................................................................................

Whether the Applicant is under minority category Yes ☐ No ☐

Financial Status BPL/ APL.......................................................................................

Annual Family Income (As per Income Certificate)..........................................................

(In APL category, candidates with family income less than 800000 per annum will be eligible)

| Permanent Address | Present address |
|---|---|
| (with details of Village, Taluk and District) | |
| Telephone no:<br>(with STD code) | Telephone no:<br>(with STD code) |

| |
|---|
| Mobile No : <br> E-mail Address : <br> Passport No : <br> Visa No : <br> Identification Proof (Aadhaar/Driving License/Election card) |
| **<u>Parents Details</u>** <br> Name of Father : <br><br> Aadhaar No: <br><br> Name of Mother: <br><br> Aadhaar No : |

| **Permanent Address** | **Present Address** |
|---|---|
| | |

**<u>DETAILS OF ACADEMIC QUALIFICATIONS : (from secondary level onwards)</u>**

| *Name of School/College* | *University/ Board* | *Exam Passed* | *Subject* | *Year* | *Class* | *Rank* | *Percentage of mark (<u>Must be Accurate</u>)* |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

Any Special distinctions/Scholarships obtained..................................................................................................

..................................................................................................................................................

Post-Graduate and research work (if any)..............................................................................................

..................................................................................................................................................

Experience/Practical training (if any).....................................................................................................

..................................................................................................................................................

Whether employed: ..................................................................................................................................

..................................................................................................................................................

Employer's name (if any)...................................................Present salary:........................Rs. Per Month

| Proposed course of study | Years required |
|---|---|
| | |
| | |

**Details of Foreign Education Plan**

Name and Address of Foreign University :

Whether course is conducted by the Foreign university at Indian study centres : Yes ☐ No ☐

Whether course is conducted by the Indian university at Foreign study centres : Yes ☐ No ☐

Whether the university or course is a co-venture of Indian & Foreign university : Yes ☐ No ☐

Name of Course :

Duration of the Course :

Year of Admissions :

Whether offer Letter for the course is attached : Yes ☐ No ☐

Whether confirmation of Acceptance for Studies (CAS Statement) (is attached) : Yes ☐ No ☐

Subjects of Study :

Name of Department where the applicant enrolled for study:

Name and Contact details of Department Head and
Guide of the Applicant in the Foreign University :

Details of arrangement for Foreign Stay for Study Purpose:

Address and Contact details of the
Applicant in the Foreign Country :

Ranking of the institution based on Times

Higher Education World Ranking of Universities :

Details of Educational Loan Availed by the Applicant
from the State Government Department/Agencies :

Whether applicant availed Scholarship for
higher education abroad from the
Minority Welfare Department or any other Department
in State Government. If yes, give details :

**Details of Education Loan**

Name of Bank/Financial Institution :
from which the Education Loan has been Availed

Loan Account No :

Loan Amount :

Purpose of Loan :

Loan Period :

Schedule of Yearly Release of Loan :

Period of Repayment Holiday :

Starting Month of Loan Repayment as per the Loan Agreement:

**Whether the applicant received Abroad Scholarship from**

**Minority Welfare Department Kerala before *** : Yes ☐ No ☐

If, yes :

| Amount of scholarship received | Year of scholarship received |
|---|---|
| | |

**Account details of the Applicant**

Loan Account Number (in case of KSMDFC loan) :

Account Holder Name :

Name of Bank /Name of Loan Sanctioning authority :

IFSC Code :

Address (Bank/Loan Sanctioning Authority) :

Total amount of scholarship required from MWD :.................................................................................

Other source of financial help:................................................................................................
(state source and amount)

---

Name and address of two referees of which, one should be a teacher of the institution where the Applicant has studied:

1. ----------------------------------------------------------------------------------------------------
   ----------------------------------------------------------------------------------------------------

2. ----------------------------------------------------------------------------------------------------
   ----------------------------------------------------------------------------------------------------

**The following documents/copy should been enclosed with the Application :(Self attestation required)**

1. Minority Certificate/Caste Certificate.
2. Copy of Ration Card
3. Copy of Passport
4. Copy of VISA
5. Copy of Identification Proof for Aadhaar/Election Card/Driving License
6. Income Certificate.
7. A copy of Admission letter/Offer Letter/ Confirmation of Acceptance for Studies (CAS Statement) from the foreign University
8. A short statement mentioning the academic achievements and distinctions and the foreign education plan and future goals.
9. Attach the copies of certificates of all educational qualifications for the eligibility of Admission in Foreign University.(along with copy of mark list)
10. Loan agreement copy
11. Certificate as proof of sanction of education loan including details of full loan amount, loan period, repayment holiday and interest percentage, from the Bank Manager/concerned authority.
12. Proof of Age (Copy of SSC/SSLC Book/Driving Licenses)
13. Other supporting documents if any.

We hereby declare the information furnished above is true and correct to best of our knowledge and belief

Name:

------------------------------------

(Signature of the Applicant)

Name:

------------------------------------

(Signature of the Parent)